ബസ് ഇടിച്ച് മരണമടഞ്ഞ മനോഹരന്റെ കുടുംബത്തിനു സഹായം

855. [1052] ശ്രീ കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 15-11-1984-ൽ തൃശ്ശൂരിനടുത്തുവച്ച് എസ്. 730 എന്ന് നമ്പരുള്ള കെ.എസ്. ആർ.ടി.സി. ബസ് ഇടിച്ച് 17-11-1984-ൽ മരണമടഞ്ഞ മനോഹരന്റെ കുടുംബത്തിന് കെ.എസ്.ആർ.ടി.സി. സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യ നൽകി ;

(സി) നൽകിയില്ലെങ്കിൽ നഷ്ടപരിഹാരത്തുക ഉടനെ നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അടിയന്തിര സഹായം നൽകിയിട്ടുണ്ട്.

(ബി) 1500 (രൂപ ആയിരത്തിഅഞ്ഞൂറ്)

(സി) മുഴുവൻ സാമ്പത്തിക സഹായവും ലഭിക്കുന്നതിന് നിശ്ചിത ഫാറത്തിൽ ക്ലെയിം അപേക്ഷ കോർപ്പറേഷന് നൽകേണ്ടതുണ്ട്. ടി ക്ലെയിം അപേക്ഷ പൂരിപ്പിച്ച് അയയ്ക്കുന്നതിനായി കോർപ്പറേഷൻ ആഫീസിൽ നിന്നും 24-7-1985-ൽ പരേതന്റെ ഭാര്യ ശ്രീമതി റനി.കെ. മാലതിക്ക് അയച്ചിരുന്ന ഫാം കൈപ്പറ്റാതെ മടങ്ങിവന്നതിനാൽ അനന്തര നടപടികൾ മുടങ്ങിക്കിടക്കുകയാണ്.

മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ കേസുകളിൻമേൽ കെ.എസ്.ആർ.ടി.സി. കൊടുത്തുതീർക്കാനുള്ള സംഖ്യ

856. [1053] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ കേസുകളിൻമേൽ തീർപ്പ് കൽപ്പിക്കപ്പെടുന്നതനുസരിച്ച് നൽകപ്പെടേണ്ട നഷ്ടപരിഹാരത്തുകയിൽ കെ.എസ്.ആർ.ടി.സി. കൊടുത്തു തീർക്കുവാനുള്ള തുകയിൽ കുടിശ്ശികയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കേസുകളിൽ മൊത്തം എത്ര സംഖ്യ കുടിശ്ശികയുണ്ട് ;

(സി) 1982 മുതൽ 1986 വരെ നഷ്ട പരിഹാരത്തുകയായി നൽകിയ സംഖ്യ എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തുകേസുകളിലായി 5,78,454 രൂപ കുടിശ്ശികയുണ്ട്.

(സി) 1982 മുതൽ 1986 വരെ 1,22,95,006 രൂപ 92 പൈസ (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറായ്യായിരത്തി ആറു രൂപ തൊണ്ണൂറനി രണ്ടു പൈസ) നഷ്ടപരിഹാരത്തുകയായി നൽകിയിട്ടുണ്ട്.

വാഹന അപകടങ്ങളിൽപ്പെട്ടവർക്ക് നൽകിയ സാമ്പത്തിക സഹായം

857. [1054] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമുണ്ടായ വാഹന അപകടങ്ങളിൽപ്പെട്ട എത്രപേർക്ക് സാമ്പത്തിക സഹായം നൽകി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

ഐ. ആർ. ഡി. പി. സ്കീം ഉപയോഗിച്ച് ജോലി ലഭിച്ചവർ

858. [1063] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടി അനുസരിച്ച് (ഐ.ആർ.ഡി പി.സ്കീമിൽ ഉൾപ്പെടുത്തി) സംസ്ഥാനത്ത് എത്ര പാവപ്പെട്ട യുവതികൾക്കാണ് ഗവൺമെൻറ് ജോലി നൽകിയിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ;

(ബി) ഇങ്ങനെ ജോലി ലഭിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുന്ന യോഗ്യതകൾ എന്താണ് ;

(സി) ഈ പരിപാടിക്ക് വേണ്ടി മൊത്തം എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ നിന്നും ഓരോ വർഷവും സഹായം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലെ 18 നും 35 നും ഇടയ്ക്കു പ്രായമുള്ള യുവതീയുവാക്കൾക്കാണ് ഇങ്ങനെ ജോലി ലഭിക്കുന്നതിന് യോഗ്യതയുള്ളവർ.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഐ. ആർ. ഡി. പി.

859. [1064] ശ്രീ. ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. യുടെ കീഴിൽ ഏതെല്ലാം പദ്ധതികൾക്ക് പണം നൽകുന്നു ;

(ബി) ഇടുക്കി ജില്ലയിൽ ഐ. ആർ. ഡി. പി. ക്കുവേണ്ടി 1984-85, 1985-86 സാമ്പത്തിക വർഷത്തിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട് ;

(സി) മേൽപ്പടി ജില്ലയിൽ ആരംഭിച്ചതും ചെയ്തതും ഐ.ആർ.ഡി.പി. യിൽ നിന്നും പണം കൈപ്പറ്റിയതായി ഏതെങ്കിലും പരാതി ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ എടുത്തു ?

ഉത്തരം

(എ) ഐ. ആർ. ഡി. പി. ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരണമായി കൃഷി മൃഗസംരക്ഷണം, ചെറുകിടവ്യവസായം, സാങ്കേതിക പരിജ്ഞാനം ആവശ്യമായ തൊഴിലുകൾ, കച്ചവടം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾക്ക് ഐ.ആർ.ഡി.പി. പ്രകാരം പണം നൽകുന്നു.

(ബി) ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം ഇടുക്കി ജില്ലക്കുവേണ്ടി 1984-85 ലേക്ക് 64 ലക്ഷം രൂപയും 1985-86 ലേയ്ക്ക് 35.52 ലക്ഷം രൂപയും നീക്കിവച്ചിരുന്നു.

(സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly